ഹരിതകേരളം മിഷൻ
കേരള സർക്കാർ

21.08.2018

## പ്രസിദ്ധീകരണത്തിന്

# പ്രളയദുരന്തം : ഹരിതകേരളം മിഷനിൽ സന്നദ്ധ പ്രവർത്തകരുടെ രജിസ്ട്രേഷന് മികച്ച പ്രതികരണം.

സംസ്ഥാനത്ത് പ്രളയ ദുരന്തബാധിത പ്രദേശങ്ങളിൽ ശുചീകരണ പ്രവർത്തനത്തിന് സന്നദ്ധ പ്രവർത്തകരെയും സംഘടനകളെയും ഏകോപിപ്പിക്കാനായി ഹരിതകേരളം മിഷനിൽ ആരംഭിച്ച രജിസ്ട്രേഷന് മികച്ച പ്രതികരണം ടെലിഫോണിലൂടെ മാത്രം ഇന്നലെ (21.08.2018) വൈകുന്നേരം നാലുമണിവരെ 53 സന്നദ്ധ സംഘങ്ങൾ രജിസ്റ്റർ ചെയ്തു. ഈ സംഘങ്ങളിൽ ആകെ 500 ൽ അധികം പേർ ഉൾപ്പെട്ടിട്ടുണ്ട്. ഇതിനു പുറമേ 100 ൽ അധികം പേർ വ്യക്തിഗത മായും രജിസ്റ്റർ ചെയ്തു. രജിസ്ട്രേഷനായുള്ള ഓൺലൈൻ സംവിധാനവും ഇന്നലെ ഉച്ചയ്ക്ക് www.haritham.kerala.gov.in എന്ന വെബ്സൈറ്റിൽ ആരംഭിച്ചു. ഇതിനു പുറമേ 0471–2449939 എന്ന ഫോൺ നമ്പരിലും 9188120320, 9188120316 എന്നീ മൊബൈൽ നമ്പർ വഴിയുള്ള രജിസ്ട്രേ ഷനും തുടരുകയാണ്. രജിസ്റ്റർ ചെയ്തവരെ അവരവരുടെ താൽപ്പര്യാർത്ഥമുള്ള ജില്ലകളിലെ വിവിധ പ്രദേശങ്ങളിൽ ശുചീകരണ പ്രവർത്തനത്തിന് നിയോഗിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ഹൈ പ്രഷർ പമ്പ് സെറ്റ് ഉൾപ്പെടെ അത്യാധുനിക സൗകര്യങ്ങളുമായി കൊല്ലത്തു നിന്നുള്ള ഒരു സംഘം ആലപ്പുഴ ജില്ലയിൽ ഇന്ന് (22.08.2018) ശുചീകരണ ത്തിനെത്തും. ഇതിനു പുറമേ പി.എസ്.സി ഓഫീസ് ഉൾപ്പെടെ തിരുവനന്തപുരം ജില്ലയിലെ വിവിധ സർക്കാർ ഓഫീസുകളിൽ നിന്നും വിവിധ സന്നദ്ധ സംഘങ്ങളിലായി 100 ൽ അധികം പേർ ഇന്ന് പത്തനംതിട്ട ജില്ലയിൽ ശുചീകരണ യജ്ഞത്തിനിറങ്ങും. തദ്ദേശസ്വയംഭരണ വകുപ്പ് പുറപ്പെടുവിച്ച 19.08.2018 ലെ 2882–ാം ഉത്തരവ് പ്രകാരം പ്രളയ ദുരന്തബാധിത പ്രദേശങ്ങളിലെ ശുചീകരണ പ്രവർത്തനങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ഹരിതകേരളം മിഷൻ, ശുചിത്വമിഷൻ എന്നിവർ ചേർന്ന് നടപ്പാക്കാൻ ഉത്തരവായിരുന്നു. ഇതനുസരിച്ചാണ് വീടുകളും സ്ഥാപനങ്ങളും കുടിവെള്ള സ്രോതസ്സുകളും പൊതുസ്ഥലങ്ങളും ശുചിയാക്കി ജനങ്ങളുടെ ആരോഗ്യവും ശുചിത്വവും ഉറപ്പു വരുത്തുന്നതിനുള്ള തീവ്രയജ്ഞത്തിന് ഹരിതകേരളം മിഷൻ തുടക്കമിട്ടിരിക്കുന്നത്. ശുചീകരണ പ്രവർത്തനങ്ങൾക്ക് വേണ്ട മൺവെട്ടി, മൺകോരി, ചൂൽ, ഇരുമ്പ് ചട്ടി, റബ്ബർകുട്ട, ഗ്ലൗസ്, ഗംബൂട്ട്സ്, കൈയുറകൾ, മാസ്ക്കുകൾ, ഡിറ്റർജന്റ്സ്, അണുനാശിനികൾ, സ്ക്രബ്ബർ, ലോഷൻ, പ്രഥമശുശ്രൂഷ ഔഷധങ്ങൾ തുടങ്ങിയ സാധന സാമഗ്രികൾ ഇനിയും അടിയന്തരമായി ആവശ്യമാണ്. ഇവ നൽകാൻ തയ്യാറുള്ളവർക്കും ഹരിതകേരളം മിഷനിൽ രജിസ്റ്റർ ചെയ്യാവുന്നതാണ്.

**ഒപ്പ്/-**
**ഡോ.ടി.എൻ.സീമ**
**എക്സിക്യൂട്ടീവ് വൈസ്ചെയർപേഴ്സൺ**

റ്റി.സി 2/3271(3)(4), 'ഹരിതം', കുട്ടനാട് ലെയിൻ, പട്ടം പാലസ് പി.ഒ, തിരുവനന്തപുരം–695 004
ഫോൺ : 0471 2449939, ഇ–മെയിൽ : haritham@kerala.gov.in